(ബി) അവിടെ ഒരു പുതിയ പാലം പണിയുന്നതിനുള്ള അനുവാദം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിഴിഞ്ഞം പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള വിശദമായ ഇൻവെസ്റ്റിഗേഷൻ നടന്നുവരികയാണ്. ഇൻവെസ്റ്റിഗേഷനും മറ്റ് പ്രാഥമിക നടപടിക്രമങ്ങളും പൂർത്തിയായിട്ടില്ലാത്തതിനാൽ ഇപ്പോൾ ഈ കാര്യം പരിഗണിക്കാൻ ബുദ്ധിമുട്ടുണ്ട്.

ഉള്ളിയേരി റോഡിലെ എരഞ്ഞിക്കൽ പാലം

103 [114] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽപ്പെട്ട പുതിയങ്ങാടി ഉള്ളിയേരി റോഡിലെ എരഞ്ഞിക്കൽ പാലം അപകടാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാലം വാഹന ഗതാഗത യോഗ്യമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് എന്നാണെന്നും ഇപ്പോൾ പാലത്തിന്റെ നില എന്താണെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇവിടെ പുതിയ പാലം പണിയുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രസ്തുത പാലം മോശമായ നിലയിലാണെങ്കിലും അപകടകരമായ അവസ്ഥയിലല്ല.

(ബി), (സി) ഇപ്പോൾ വാഹന ഗതാഗത യോഗ്യമാണ്. കാലാകാലങ്ങളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ ചെയ്തിട്ടുണ്ട്.

(ഡി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്.

കക്കോടിപുഴയിൽ ഒരു പാലം

104 [115] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ കക്കോടി പുഴയിൽ ചെറുകുളത്ത് ഒരു പാലം പണിയുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

പാലത്തിന്റെ ഡിസൈൻ പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly